## പ്രധാനപ്പെട്ട കണ്ണികൾ

ഡ്രഗ്സ് കൺട്രോൾ വകുപ്പ്

www.dc.kerala.gov.in

കേരള സർക്കാർ

Main menu - മുഖ്യ ഇനങ്ങൾ

| | | |
|---|---|---|
| 1. Organizational set up | - | ഭരണ നിർവ്വഹണം |
| 2. Activities | - | പ്രവർത്തനങ്ങൾ |
| 3. How to apply | - | സേവനങ്ങൾക്ക് എങ്ങനെ അപേക്ഷിക്കാം |
| 4. Grievance reporting | - | പരാതി പരിഹാരം |
| 5. Directory | - | ഔദ്യോഗിക വിലാസങ്ങൾ |
| 6. Right to information Act | - | വിവരാവകാശ നിയമം |
| 7. Right to Service Act | - | സേവനാവകാശ നിയമം |
| 8. Login | - | ലോഗിൻ |
| 9. Message | - | സന്ദേശം |
| 10. Citizen Charter | - | പൗരാവകാശ രേഖ |
| 11. Circular/GO | - | പരിപത്രം/ഗവ. ഉത്തരവുകൾ |
| 12. Clinical trial registry | - | ക്ലിനിക്കൽ ട്രയൽ രജിസ്ട്രി |
| 13. Other state DC Dept. | - | ഡ്രഗ്സ് കൺട്രോൾ വകുപ്പ്- മറ്റ് സംസ്ഥാനങ്ങളിൽ |

സന്ദർശകർ - Visitors

About us - അവലോകനം Feedback - പ്രതികരണം Departmental - വകുപ്പ് തലം

Drugs Control Kerala - ഡ്രഗ്സ് കൺട്രോൾ് വകുപ്പ്, കേരളം

Vision - Health for All where use of drugs are minimal

ദർശനം - മിതമായി ഔഷധം ഉപയോഗിക്കുന്നിടത്ത് എല്ലാവർക്കും ആരോഗ്യം

Mission - To make availability drugs and cosmetics of standard quality at controlled price

ദൌത്യം - ഗുണനിലവാരമുള്ള സൌന്ദര്യവർദ്ധക വസ്തുക്കളും നിയന്ത്രിത വിലയ്ക്ക് ലഭ്യമാക്കുക

News Flash - വാർത്തകൾ/വസ്തുതകൾ

Public - പൊതുജനങ്ങൾക്കായുള്ള അറിവുകൾ

Drugs under price control order - വില നിയന്ത്രണ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള മരുന്നുകൾ

Schedule H drugs - പട്ടിക എച്ച്1 മരുന്നുകൾ

Banned Drugs - നിരോധിത മരുന്നുകൾ

Blood Banks - രക്ത ബാങ്കുകൾ

Alerts - ജാഗ്രതാ അറിയിപ്പുകൾ്

Application Forms - അപേക്ഷാ ഫോറങ്ങൾ

Medical Shops - ഔഷധ വിൽപ്പനശാലകൾ്

Drugs Testing Labs - മരുന്നു പരിശോധനാ ലാബോറട്ടറികൾ

Hospitals - ആശുപത്രികൾ

Approved drugs - അംഗീകൃത മരുന്നുകൾ

Tenders - ദർഘാസ്

About us - അവലോകനം

## ഡ്രഗ്സ് കട്രോൾ വകുപ്പ് - അവലോകനം

1961 - ൽ രൂപീകൃതമായ കേരള സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ സുപ്രധാന ലക്ഷ്യം ഔഷധങ്ങളുടെയും സൗന്ദര്യ വർദ്ധക വസ്തുക്കളുടെയും ഉൽപ്പാദന വിതരണ വിപണന പ്രക്രിയകൾ നിയന്ത്രിച്ച് അവയുടെ ഗുണനിലവാരം ഉറപ്പാക്കുക എന്നതാണ്.

ഒരു മരുന്നിന്റെ ഗുണനിലവാരത്തെ സംബന്ധിച്ചും മരുന്നിന്റെ ഗുണനിലവാരം നിശ്ചയിക്കുന്ന ഘടകങ്ങളെ സംബന്ധിച്ചുമുള്ള പൊതുജനങ്ങളുടെ അറിവ് പരിമിതമാണ്. ഈ സാഹചര്യത്തിൽ പൊതുജനങ്ങൾക്കാവശ്യമായ മരുന്നുകളുടെയും സൗന്ദര്യ വർദ്ധക വസ്തുക്കളുടെയും ഗുണനിലവാരം ഉറപ്പാക്കി നിയന്ത്രിത വിലയിൽ അവ പൊതുജനങ്ങൾക്ക് ലഭ്യമാക്കുക എന്നതാണ് വകുപ്പിന്റെ സുപ്രധാന ലക്ഷ്യം.

1940 - ലെ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ട്, 1945-ലെ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് റൂൾസ്; 1995 - ലെയും 2013 - ലെയും ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഉത്തരവ്; ഡ്രഗ്സ് ആന്റ് മാജിക് റെമഡീസ് (ഒബ്ജക്ഷണബിൾ അഡ്വർടൈസ്മെന്റ്) ആക്ട് 1954, റൂൾസ് 1955; 1996-ലെ പോയിസൺ റൂൾസ്; നാർക്കോട്ടിക്ക് ഡ്രഗ്സ് ആന്റ് സൈക്കോട്രോപ്പിക്ക് സബ്സ്റ്റൻസസ് റൂൾസ് എന്നീ നിയമങ്ങളും ചട്ടങ്ങളും നടപ്പാക്കുന്നതിലൂടെയാണ് വകുപ്പിന്റെ പ്രവർത്തനം ലക്ഷ്യപ്രാപ്തിയിലെത്തുന്നത്.

മേൽ സൂചിപ്പിച്ച നിയമങ്ങൾ/ചട്ടങ്ങൾ എന്നിവയുടെ ലംഘനം, മരുന്നുകൾ - സൗന്ദര്യ വർദ്ധക വസ്തുക്കളുടെ ഗുണനിലവാരം, വില എന്നിവ സംബന്ധിച്ച പൊതുജനങ്ങളുടെ പരാതികൾ വകുപ്പിന്റെ ജില്ലാ/മേഖലാ കാര്യാലയങ്ങളിലോ ആസ്ഥാന കാര്യാലയത്തിലോ നൽകി പരിഹാര മാർഗ്ഗങ്ങൾ തേടാവുന്നതാണ്.

## Organizational Setup

### ഭരണ നിർവ്വഹണം

കേരള സംസ്ഥാന ഔഷധ ഗുണ നിയന്ത്രണ വകുപ്പിന് എൻഫോഴ്സ്മെന്റ് വിഭാഗം, ഗുണനിലവാര പരിശോധനാ വിഭാഗം എന്നിങ്ങനെ രണ്ടു വിഭാഗങ്ങളുണ്ട്. സൗന്ദര്യ വർദ്ധക വസ്തുക്കളുടെയും ഔഷധങ്ങളുടെയും ഉൽപ്പാദനം, വിതരണം, വിപണനം സംബന്ധമായ കാര്യങ്ങൾ നിയന്ത്രിക്കുകയെന്ന ഉത്തരവാദിത്വം നിർവ്വഹിക്കുന്നത് വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗമാണ്. ഭരണ സൗകര്യാർത്ഥം ഈ വിഭാഗത്തെ ജില്ലാ/മേഖലാ ഓഫീസുകളായും ആയുർവേദ സിദ്ധ യുനാനി വിഭാഗമായും വിന്യസിച്ചിട്ടുണ്ട്.

ഔഷധങ്ങളുടെയും സൗന്ദര്യ വർദ്ധക വസ്തുക്കളുടെയും സാമ്പിളുകൾ പരിശോധിച്ച് അപഗ്രഥനം നടത്തുന്ന ജോലി നിർവ്വഹിക്കുന്നത് വകുപ്പിന്റെ പരിശോധനാ വിഭാഗമാണ്. തിരുവനന്തപുരത്തെ ഡ്രഗ്സ് ടെസ്റ്റിങ് ലാബോറട്ടറിയിലും കാക്കനാട്ടെ റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംങ് ലാബോറട്ടറിയിലുമായി വകുപ്പിന്റെ പരിശോധനാ വിഭാഗം പ്രവർത്തിക്കുന്നു.

# Organizational Setup

ഡ്രഗ്സ് കൺട്രോൾ വകുപ്പ്

ഭരണ വിന്യാസം



## Heirarchial Chart of Technical Staff

**ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ടെക്നിക്കൽ ജീവനക്കാരുടെ പദവിക്രമം**

ഡ്രഗ്സ് കൺട്രോളർ(1)

**ആധുനിക,ഹോമിയോ ഔഷധങ്ങൾ സംബന്ധിച്ച എൻഫോഴ്സ്മെന്റ് വിഭാഗം**

- ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളർ(2)
- അസി. ഡ്രഗ്സ് കൺട്രോളർ(7)
- റീജിയണൽ/
- സീനിയർ ഡ്രഗ്സ് ഇൻസ്പെക്ടർ/
- CIDIS / അസി. ഡ്രഗ്സ് കൺട്രോളർ (IB)(7)
- ഡ്രഗ്സ് ഇൻസ്പെക്ടർ (47)

**പരിശോധനാ വിഭാഗം**

- ചീഫ് ഗവൺമെൻറ് അനലിസ്റ്റ്
- ജോയിന്റ് ചീഫ്ഗവൺമെന്റ് അനലിസ്റ്റ് (1)
- അനലിസ്റ്റ് ഗ്രേഡ് I (4)
- അനലിസ്റ്റ് ഗ്രേഡ് II (14)
- അനലിസ്റ്റ് ഗ്രേഡ് III (25)
- സയന്റിഫിക് അസിസ്റ്റന്റ് (2)
- മീഡിയ മേക്കർ (1)
- ടെക്നിക്കൽ അസിസ്റ്റന്റ് (11)
- എൽ.ഡി. ടെക്നീഷ്യൻ (12)
- ടെക്നിക്കൽ സ്റ്റോർ കീപ്പർ (1)
- ലാബോറട്ടറി അറ്റൻഡർ(14)

**ആയുർവേദ സിദ്ധ യൂനാനി വിഭാഗം**

- ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളർ(1)
- സീനിയർ ഡ്രഗ്സ് ഇൻസ്പെക്ടർ(1)
- ഡ്രഗ്സ് ഇൻസ്പെക്ടർ(7)

## Heirarchial Chart of Ministerial Staff

**ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാരുടെ പദവിക്രമം**

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്(1)

- ലോ ഓഫീസർ(1)
- ലീഗൽ അസിസ്റ്റന്റ്

- സീനിയർ സൂപ്രണ്ട് (4)
- ജൂനിയർ സൂപ്രണ്ട് (13)
- ഹെഡ് ക്ലാർക്ക് (2)
- സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ്(1)
- കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് (1)
- ലൈബ്രേറിയൻ (1)
- സീനിയർ ക്ലാർക്ക് (42)
- ക്ലാർക്ക് (43)
- റെക്കോഡ് അറ്റൻഡർ(1)
- ഡ്രൈവർ (8)
- ക്ലാസ്സ് III ജീവനക്കാർ (30)

- ഫെയർ കോപ്പി സൂപ്രണ്ട് (1)
- ടൈപ്പിസ്റ്റ് (27)

പാർട്ട് ടൈം ജീവനക്കാർ (16)
സാനിട്ടറി വർക്കർ (1)

## Drugs Control Department - Staff Strength
ഡ്രഗ്സ് കൺട്രോൾ വകുപ്പ് - ജീവനക്കാരുടെ അംഗസംഖ്യ

| ക്രമ.നം. | തസ്തിക | അനുവദിക്കപ്പെട്ട തസ്തികകളുടെ എണ്ണം |
|---|---|---|
| 1. | ഡ്രഗ്സ് കൺട്രോളർ | 1 |
| 2. | ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളർ | 2 |
| 3. | ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളർ (ആയുർവേദ /സിദ്ധ/യൂനാനി വിഭാഗം) | 1 |
| 4. | അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളർ | 6 |
| 5. | സീനിയർ ഡ്രഗ്സ് ഇൻസ്പെക്ടർ (ആയുർവേദം) | 1 |
| 6. | റീജിയണൽ ഡ്രഗ്സ് ഇൻസ്പെക്ടർ/ സീനിയർ ഡ്രഗ്സ് ഇൻസ്പെക്ടർ/ ചീഫ് ഇൻസ്പെക്ടർ ഓഫ് ഡ്രഗ്സ് ഇന്റലിജൻസ് സ്ക്വാഡ്/അസി.ഡ്രഗ്സ് കൺട്രോളർ (ഐ.ബി) | 7 |
| 7. | ഡ്രഗ്സ് ഇൻസ്പെക്ടർ (ആയുർവേദം) | 7 |
| 8. | ഡ്രഗ്സ് ഇൻസ്പെക്ടർ | 47 |
| 9. | ചീഫ് ഗവൺമെന്റ് അനലിസ്റ്റ് | 1 |
| 10. | ജോയിന്റ് ചീഫ് ഗവൺമെന്റ് അനലിസ്റ്റ് | 1 |
| 11. | അനലിസ്റ്റ് ഗ്രേഡ് I | 4 |
| 12. | അനലിസ്റ്റ് ഗ്രേഡ് II | 14 |
| 13. | അനലിസ്റ്റ് ഗ്രേഡ് III | 25 |
| 14. | അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് | 1 |
| 15. | സീനിയർ സൂപ്രണ്ട് | 4 |
| 16. | ലോ ഓഫീസർ | 1 |
| 17. | ജൂനിയർ സൂപ്രണ്ട് | 13 |
| 18. | ഫെയർ കോപ്പി സൂപ്രണ്ട് | 1 |
| 19. | സ്റ്റോർ സൂപ്രണ്ട് | 2 |
| 20. | സയന്റിഫിക് അസിസ്റ്റന്റ് | 2 |
| 21. | ടെക്നിക്കൽ അസിസ്റ്റന്റ് | 11 |
| 22. | ലീഗൽ അസിസ്റ്റന്റ് | 1 |
| 23. | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 1 |
| 24. | യു.ഡി. കമ്പയിലർ | 1 |
| 25. | ലൈബ്രേറിയൻ | 1 |
| 26. | സാമ്പിൾ വാർഡൻ | 2 |
| 27. | ക്ലാർക്ക് | 43 |
| 28. | സീനിയർ ക്ലാർക്ക് | 40 |
| 29. | എൽ.ഡി.ടെക്നീഷ്യൻ | 14 |
| 30. | ഡ്രൈവർ | 8 |
| 31. | ഡ്രൈവർ/പ്യൂൺ | 1 |
| 32. | മീഡിയ മേക്കർ | 1 |
| 33. | ടൈപ്പിസ്റ്റ് | 27 |
| 34. | ലാബ് അറ്റൻഡർ | 14 |
| 35. | റെക്കോഡ് അറ്റൻഡർ | 1 |
| 36. | ടെക്നിക്കൽ സ്റ്റോർ കീപ്പർ | 1 |
| 37. | ഓഫീസ് അറ്റൻഡന്റ് | 29 |

| | | |
|---|---|---|
| 38. | പാർട്ട്ടൈം സ്വീപ്പർ | 16 |
| 39. | സാനിട്ടറി വർക്കർ | 1 |
| | ആകെ | 355 |

## How to Apply

### സേവനങ്ങൾക്ക് അപേക്ഷിക്കേണ്ട വിധം

സേവനങ്ങൾ

1. മരുന്നുകളുടെയും സൗന്ദര്യ വർദ്ധക വസ്തുക്കളുടെയും പരിശോധന ( Drugs Testing )
2. മാനുഫാക്ചറിംഗ് ലൈസൻസ്
3. രക്തബാങ്കുകളുടെ ലൈസൻസ്
5. പോയിസൺ ലൈസൻസ്
7. സർട്ടിഫിക്കേറ്റുകൾ
8. പെർമിറ്റുകൾ
9. അപ്രൂവൽസ്

### മരുന്നുകളുടെയും സൗന്ദര്യ വർദ്ധക വസ്തുക്കളുടെയും പരിശോധന.

വകുപ്പിലെ ഡ്രഗ്സ് ഇൻസ്പെക്ടർമാർ/റീജിയണൽ ഡ്രഗ്സ് ഇൻസ്പെക്ടർമാർ എന്നിവർ ആയുർവേദ, അലോപ്പതി, ഹോമിയോപ്പതി മരുന്നുകളുടെയും കോസ്മെറ്റിക്കുകളുടെയും സാമ്പിളുകൾ വിപണിയിൽ നിന്നും ശേഖരിച്ച്, ടി മരുന്നു സാമ്പിളുകൾ തുടർ പരിശോധനയ്ക്കും ഗുണനിലവാരം അപഗ്രഥിക്കുന്നതിനുമായി തിരുവനന്തപുരത്തും എറണാകുളത്തുമായി പ്രവർത്തിക്കുന്ന ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികളിലേയ്ക്ക് അയയ്ക്കുന്നു.

പൊതുജനങ്ങൾക്ക് ഒരു ഔഷധത്തെപ്പറ്റിയോ അതിന്റെ ചേരുവകകളേയും ഗുണനിലവാരത്തെയും പറ്റിയോ സംശയമുള്ള പക്ഷം അവർക്ക് പ്രസ്തുത ഔഷധ സാമ്പിൾ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ പരിശോധനയ്ക്കായി നിശ്ചിത ഫീസ് ഒടുക്കി അപേക്ഷിക്കാവുന്നതാണ്.

ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികളിൽ അപേക്ഷയും സാമ്പിളുകളും ലഭിച്ച് കഴിഞ്ഞാൽ പ്രസ്തുത സാമ്പിൾ ബന്ധപ്പെട്ട സെക്ഷനുകളിൽ പരിശോധന നടത്തി ഗുണനിലവാരം നിശ്ചയിക്കുന്നു.

വകുപ്പിലെ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥരിൽ നിന്നും ലഭിക്കുന്ന മരുന്നുകളുടെ പരിശോധനാ ഫലം ഫാറം 13-ൽ തയ്യാറാക്കി അതാത് ഉദ്യോഗസ്ഥർക്ക് ലഭ്യമാക്കുന്നു. പൊതുജനങ്ങളിൽ നിന്നും ലഭിക്കു മരുന്നു സാമ്പിളുകളുടെ പരിശോധനാ ഫലം ഫാറം 14ബി-യിൽ തയ്യാറാക്കി അപേക്ഷകന് ലഭ്യമാക്കുന്നു.

ഔഷധങ്ങളുടെയും സൗന്ദര്യ വർദ്ധക വസ്തുക്കളുടെയും സാമ്പിളുകളുടെ പരിശോധന നടത്തുതിനായി പൊതുജനങ്ങൾ സമർപ്പിക്കേണ്ട രേഖകൾ ചുവടെ ചേർക്കുന്നു.

1. അപേക്ഷ ഫാറം (ഫാറം 14 എ-ൽ തയ്യാറാക്കിയ അപേക്ഷ)
2. നിർദ്ദിഷ്ട ഫീസ് ട്രഷറിയിലൊടുക്കി കൊണ്ടുള്ള അസ്സൽ ചെലാൻ രസീത്.

## Sale Licenses

### അലോപ്പതി ഹോമിയോ വിൽപ്പന ലൈസൻസ്

വിൽപ്പന ലൈസൻസ് ലഭിക്കുന്നതിനു വേണ്ടി ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ള നിർദ്ദിഷ്ട അപേക്ഷകൾ ചുവടെ ചേർക്കുന്നു.

| | | | | |
|---|---|---|---|---|
| 1. | ഫാറം | 20 | - | ഷെഡ്യൂൾ സി, സി 1 & എക്സ് വിഭാഗം ഒഴികെയുള്ള മരുന്നുകളുടെ പ്രദർശനം, സംഭരണം,വിതരണം, വിൽപ്പന എന്നിവയ്ക്കുള്ള ചില്ലറ വ്യാപാര ലൈസൻസ്. |
| 2. | ഫാറം | 21 | - | ഷെഡ്യൂൾ എക്സ് വിഭാഗം ഒഴികെയുള്ള ഷെഡ്യൂൾ സി & സി 1 ൽ ഉൾപ്പെടുന്നതുമായ മരുന്നുകളുടെ പ്രദർശനം,സംഭരണം,വിതരണം, വിൽപ്പന എന്നിവയ്ക്കുള്ള ചില്ലറ വ്യാപാര ലൈസൻസ് |
| 3. | ഫാറം | 20 ബി | - | ഷെഡ്യൂൾ സി, സി 1 & എക്സ് വിഭാഗം ഒഴികെയുള്ള മരുന്നുകളുടെ പ്രദർശനം, സംഭരണം,വിതരണം, വിൽപ്പന എന്നിവയ്ക്കുള്ള മൊത്ത വ്യാപാര ലൈസൻസ്. |

4. ഫാറം 21 ബി - ഷെഡ്യൂൾ എക്സ് വിഭാഗം ഒഴികെയുള്ള ഷെഡ്യൂൾ സി & സി 1 ൽ ഉൾപ്പെടുന്നതുമായ മരുന്നുകളുടെ പ്രദർശനം,സംഭരണം,വിതരണം, വിൽപ്പന എന്നിവയ്ക്കുള്ള മൊത്ത വ്യാപാര ലൈസൻസ്

5. ഫാറം 20 എ - ഷെഡ്യൂൾ സി, സി 1 & എക്സ് വിഭാഗം ഒഴികെയുള്ള മരുന്നുകളുടെ പ്രദർശനം, സംഭരണം,വിതരണം, വിൽപ്പന എന്നിവയ്ക്കുള്ള നിയന്ത്രിത ലൈസൻസ്.

6. ഫാറം 20 ബിബി - ഷെഡ്യൂൾ സി & സി 1 ഒഴികെയുള്ള മരുന്നുകൾ വാഹനം വഴിയുള്ള പ്രദർശനം, സംഭരണം,വിതരണം, വിൽപ്പന എന്നിവയ്ക്കുള്ള മൊത്ത വ്യാപാര ലൈസൻസ്.

7. ഫാറം 21 ബിബി - ഷെഡ്യൂൾ സി & സി 1 ഉൾപ്പെടുന്ന മരുന്നുകൾ വാഹനം വഴിയുള്ള പ്രദർശനം, സംഭരണം,വിതരണം, വിൽപ്പന എന്നിവയ്ക്കുള്ള മൊത്ത വ്യാപാര ലൈസൻസ്.

8. ഫാറം 20 സി - ഹോമിയോപ്പതി മരുന്നുകളുടെ ചില്ലറ വ്യാപാര ലൈസൻസ്

9. ഫാറം 20 ഡി - ഹോമിയോപ്പതി മരുന്നുകളുടെ മൊത്ത വ്യാപാര ലൈസൻസ്

10. ഫാറം 20 എഫ് - ഷെഡ്യൂൾ എക്സ് വിഭാഗത്തിൽ ഉൾപ്പെടുന്ന മരുന്നുകളുടെ ചില്ലറ വ്യാപാര ലൈസൻസ്

11. ഫാറം 20 ജി - ഷെഡ്യൂൾ എക്സ് വിഭാഗത്തിൽ ഉൾപ്പെടുന്ന മരുന്നുകളുടെ മൊത്ത വ്യാപാര ലൈസൻസ്

അലോപ്പതി-ഹോമിയോപ്പതി വിൽപ്പന ലൈസൻസ്/വിൽപ്പന ലൈസൻസ് പുതുക്കൽ എന്നിവയ്ക്ക് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ

1. അപേക്ഷാ ഫോറം (ഫോറം19/19ബി/സി)
2. ശരിയായി പൂരിപ്പിച്ച ചോദ്യാവലി
3. നിർദ്ദിഷ്ട അപേക്ഷാ ഫീസൊടുക്കി കൊണ്ടുള്ള അസ്സൽ ട്രഷറി ചെലാൻ
4. ഫാർമസി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ
5. ഫാർമസിസ്റ്റ്/കോമ്പിറ്റൻറ് പേഴ്സന്റെ സത്യാപ്രസ്താവന
6. നിർദ്ദിഷ്ട മാതൃകയിൽ തയ്യാറാക്കിയ സത്യവാങ്മൂലം
7. ഓപ്ഷൻ ഫോറം
8. സ്വന്തം മേൽവിലാസം എഴുതി 27 രൂപയുടെ പോസ്റ്റൽ സ്റ്റാമ്പ് പതിപ്പിച്ച കവർ
9. സ്ഥാപനത്തിന്റെ ഭരണഘടന തെളിയിക്കുന്ന രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ
10. 5/- രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ അതാത് മേഖലാ കാര്യാലയത്തിലെ അധികാരികൾക്ക് സമർപ്പിക്കണം.
11. അപേക്ഷകന്റെ തിരിച്ചറിയൽ രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

- മേൽ സൂചിപ്പിച്ച രേഖകൾ സഹിതം അപേക്ഷയുടെ ഒരു പകർപ്പ് പ്രസ്തുത ഡ്രഗ്സ് ഇൻസ്പെക്ടറുടെ കാര്യാലയത്തിലും സമർപ്പിക്കേണ്ടതാണ്.
- വിൽപ്പന ലൈസൻസുകളുടെ പുതുക്കൽ അപേക്ഷകൾക്ക് മേൽ സൂചിപ്പിച്ചിട്ടുള്ള രേഖകൾക്ക് പുറമെ ഏറ്റവും ഒടുവിലത്തെ പുതുക്കൽ സർട്ടിഫിക്കറ്റിന്റെ അസ്സൽ അല്ലെങ്കിൽ അസ്സൽ ലൈസൻസിന്റെ 2 സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം സമർപ്പിക്കേണ്ടതാണ്.
- ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് നിയമം 10 എഎ പ്രകാരം സമർപ്പിക്കുന്ന അപേക്ഷകളിൽ മേൽ സൂചിപ്പിച്ചിട്ടുള്ള രേഖകൾക്ക് പുറമെ വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും ഉൾക്കൊള്ളിക്കേണ്ടതാണ്.

'

## Manufacturing License

**ഔഷധ നിർമ്മാണ ലൈസൻസ്**

1. ഫാറം 25 - ഷെഡ്യൂൾ സി, സി 1 & എക്സ് വിഭാഗം ഒഴികെയുള്ള മരുന്നുകൾ വിൽപ്പനയ്ക്കും വിതരണത്തിനുമായി നിർമ്മിക്കുന്നതിനുള്ള ലൈസൻസ്
2. ഫാറം 25 എ - ഷെഡ്യൂൾ സി, സി 1 & എക്സ് വിഭാഗം ഒഴികെയുള്ള മരുന്നുകൾ വിൽപ്പനയ്ക്കും വിതരണത്തിനുമായി നിർമ്മിക്കുന്നതിനുള്ള ലോൺ ലൈസൻസ്
3. ഫാറം 25 ബി - ഷെഡ്യൂൾ സി, സി 1 & എക്സ് വിഭാഗം ഒഴികെയുള്ള മരുന്നുകൾ വിൽപ്പനയ്ക്കും വിതരണത്തിനുമായി റീപായ്ക്ക് ചെയ്യുന്നതിനുള്ള ലൈസൻസ്
4. ഫാറം 25 സി - ഹോമിയോപ്പതിക് മരുന്നുകൾ വിൽപ്പനയ്ക്കും വിതരണത്തിനുമായി നിർമ്മിക്കുന്നതിനുള്ള ലൈസൻസ്
5. ഫാറം 25 ഡി - ആയുർവേദ മരുന്നുകൾ (സിദ്ധ ഉൾപ്പെടയുള്ള) / യുനാനി മരുന്നുകളുടെ നിർമ്മാണ ലൈസൻസ്
6. ഫാറം 25 ഇ - ആയുർവേദ മരുന്നുകൾ (സിദ്ധ ഉൾപ്പെടയുള്ള) / യുനാനി മരുന്നുകൾക്ക് മേലുള്ള ലോൺ ലൈസൻസ്
7. ഫാറം 25 എഫ്- ഷെഡ്യൂൾ എക്സ് മരുന്നുകളുടെ (ഷെഡ്യൂൾ സി & സി 1 ഉൾപ്പെടാത്തതുമായ) നിർമ്മാണ ലൈസൻസ്
8. ഫാറം 28 - ഷെഡ്യൂൾ സി & സി 1 മരുന്നുകളുടെ (ഷെഡ്യൂൾ എക്സ് ഒഴികെ) നിർമ്മാണ ലൈസൻസ്
9. ഫാറം 28 എ - ഷെഡ്യൂൾ സി & സി 1 മരുന്നുകളുടെ (ഷെഡ്യൂൾ എക്സ് ഒഴികെ) ലോൺ ലൈസൻസ്
10. ഫാറം 28 ബി - ഷെഡ്യൂൾ എക്സ്, ഷെഡ്യൂൾ സി & സി 1 നിർമ്മാണ ലൈസൻസ്
11. ഫാറം 28 ഡി - ലാർജ് വോല്യം പാരെൻട്രൽ/വാക്സിൻസ് /സീറ എന്നിവയുടെ നിർമ്മാണ ലൈസൻസ്

ഔഷധ നിർമ്മാണ ലൈസൻസ് /പുതുക്കൽ ലൈസൻസ് എന്നിവയ്ക്ക് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ

1. നിർദ്ദിഷ്ട അപേക്ഷാ ഫോറം
2. നിർദ്ദിഷ്ട ഫീസൊടുക്കി കൊണ്ടുള്ള അസൽ ചെലാൻ
3. കെട്ടിത്തിന്റെ വിശദമായ പ്ലാൻ ലൊക്കേഷൻ സ്കെച്ച് സഹിതം
4. നിർദ്ദിഷ്ട മാതൃകയിൽ തയ്യാറാക്കിയ നോട്ടറി സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം
5. സാങ്കേതിക വിദഗ്ധന്റെ പ്രസ്താവന
6. സാങ്കേതിക വിദഗ്ധരുടെ യോഗ്യതയും പ്രവർത്തി പരിചയവും തെളിയിക്കുന്ന രേഖകൾ
7. അംഗീകാരം ലഭിക്കേണ്ട ഔഷധങ്ങളുടെ നിശ്ചിത മാതൃകയിലുള്ള ഔഷധ ലിസ്റ്റ് ( ഔഷധങ്ങളുടെ ഫോർമുലയും സ്റ്റാൻഡേർഡ് ഓപ്പറേഷൻ പ്രൊസീജീയറും സഹിതം).പുതുക്കൽ അപേക്ഷ സമർപ്പിക്കുമ്പോൾ അവസാനമായി അംഗീകാരം നൽകിയ ഉൽപ്പന്നങ്ങളുടെ ലിസ്റ്റും ഉൾക്കൊള്ളിക്കേണ്ടതാണ്.
8.

ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് നിയമത്തിൽ നിഷ്കർശിച്ചിട്ടുള്ള നിശ്ചിത പ്രവർത്തിപരിചയവുമുള്ള സാങ്കേതിക വിദഗ്ധന്റെ മേൽനോട്ടത്തിലും നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലുമാണ് മരുന്ന നിർണമാണം നടത്തേണ്ടത്.

- <u>സാങ്കേതിക വിദഗ്ധനാവശ്യമായ വിദ്യഭ്യാസ യോഗ്യതകൾ</u>

എ) ഔഷധ നിർമ്മാണ കമ്പനിയിൽ സാങ്കേതിക വിദഗ്ധനായി പ്രവർത്തിക്കുന്നതിന് ഇന്ത്യയിലെ അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ള ഫാർമസി അല്ലെങ്കിൽ ഫാർമസ്യൂട്ടിക്കൽ കെമസ്ട്രി വിഷയത്തിലെ ബിരുദവും അല്ലെങ്കിൽ സാങ്കേതിക വിദഗ്ധനായി കേന്ദ്ര ഗവൺമെന്റ് നിശ്കർശിച്ചിട്ടുള്ള ച്ചിട്ടുള്ള യോഗ്യതയും നിശ്ചിത പ്രവർത്തി പരിചയവും (ബിരുദ പഠനത്തിനു ശേഷം) ആവശ്യമാണ്.ബിരുദ പഠനവേളയിൽ ഔഷധ നിർമ്മാണം സംബന്ധിച്ച പരിശീലനം ലഭിച്ചിട്ടുള്ള വ്യക്തിയിക്ക് ആറ് മാസത്തെ പരിശീലനം മതിയാകും.

അല്ലെങ്കിൽ

ബി) ഔഷധ നിർമ്മാണ കമ്പനിയിൽ സാങ്കേതിക വിദഗ്ധനായി പ്രവർത്തിക്കുന്നതിന് ഇന്ത്യയിലെ അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ള രസതന്ത്രം വിഷയത്തിലെ ബിരുദവും ഈ മേഖലയിലെ മൂന്ന് വർഷത്തെ പ്രവർത്തി പരിചയവും (ബിരുദ പഠനത്തിനു ശേഷം) ആവശ്യമാണ്.

അല്ലെങ്കിൽ

സി) കെമിക്കൽ എൻജിനീയറിംഗ് അല്ലെങ്കിൽ കെമിക്കൽ ചെക്നോളജി അല്ലെങ്കിൽ മെഡിസിൻ എന്നിവയിലുള്ള ബിരുദവും അല്ലെങ്കിൽ കേന്ദ്ര ഗവൺമെന്റ് പ്രസ്തുത ഉദ്ദേശ്യത്തിനായി അംഗീകരിച്ചിട്ടുള്ള വിദ്യാഭ്യാസ യോഗ്യതയും ബിരുദ പഠനത്തിനു ശേഷം ഔഷധ നിർമ്മാണത്തിൽ 3 വർഷത്തിൽ കുറയാതെയുള്ള പ്രവർത്തി പരിചയവും ആവശ്യമാണ്

## രക്തബാങ്കുകൾക്കുള്ള ലൈസൻസ്

രക്തബാങ്കുകൾ പ്രവർത്തിക്കുന്നതിനാവശ്യമായ ലൈസൻസ് ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് നിയമം നിഷ്കർശിച്ചിട്ടുള്ള ഫാറം 28 സി പ്രകാരമാണ് നൽകുന്നത്.ചട്ട പ്രകാരം ബ്ലഡ് ബാങ്ക് പ്രവർത്തിക്കുന്നതിന് 100 ച.മി വിസ്തീർണ്ണവും രക്ത ഘടകങ്ങളുടെ നിർമ്മാണത്തിന് 50 ച.മി കുറയാതെ വിസ്തീർണ്ണവും ആവശ്യമാണ്. രക്ത ബാങ്കുകളുടെ ലൈസൻസ് കാലാവധി അഞ്ച് വർഷമാണ്.

### രക്ത ബാങ്ക് ലൈസൻസ് / പുതുക്കൽ ലൈസൻസ് എന്നിവയ്ക്ക് അപേക്ഷകൻ സമർപ്പിക്കേണ്ട രേഖകൾ

1. 5/- രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിപ്പിച്ച അപേക്ഷ
2. നിർദ്ദിഷ്ട ഫാറം
3. ശരിയായി പൂരിപ്പിച്ച ചോദ്യാവലി
4. അപേക്ഷാ ഫീസായ 7500/- രൂപ 00210 – 04 -104 -99 എന്ന ബഡ്ജറ്റ് ശീർഷകത്തിലൊടുക്കി കൊണ്ടുള്ള അസൽ ചെലാൻ രസിത്
5. കെട്ടിടത്തിന്റെ വിശദമായ പ്ലാൻ ലൊക്കേഷൻ സ്കെച്ച് സഹിതം
6. അംഗീകൃത മെഡിക്കൽ ഓഫീസർ, സാങ്കേതിക വിദഗ്ധൻ, ടെക്നിക്കൽ സൂപ്പർവൈസർ (രക്ത ഘടകങ്ങളുടെ നിർമ്മാണം സംബന്ധിച്ച്), രജിസ്റ്റേഡ് നേഴ്സ് എന്നിവരുടെ പ്രസ്താവന.
7. മെഡിക്കൽ ഓഫീസർ , ടെക്നീഷ്യൻ, ടെക്നിക്കൽ സൂപ്പർവൈസർ എന്നിവരുടെ യോഗ്യതകൾ തെളിയിക്കുന്ന രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്
8. മെഡിക്കൽ ഓഫീസർ , ടെക്നീഷ്യൻ, ടെക്നിക്കൽ സൂപ്പർവൈസർ എന്നിവരുടെ പ്രവർത്തി പരിചയം തെളിയിക്കുന്ന രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്
9. യന്ത്ര സാമഗ്രികൾ, ലാബ് ഉപകരണങ്ങൾ എന്നിവയുടെ പട്ടിക
10. ആവശ്യമുള്ള രക്ത ഉൽപ്പന്നങ്ങളുടെ പട്ടിക
11. ലേബലുകൾ
12. സ്റ്റാൻഡേർഡ് ഓപ്പറേഷൻ പ്രൊസീജിയർ

രക്ത ബാങ്കുകളുടെ നിർമ്മാണത്തിന് ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ള നിശ്ചിത വിദ്യാഭ്യാസ യോഗ്യതയും പ്രവർത്തി പരിചയവുമുള്ള മെഡിക്കൽ ഓഫീസർ, രക്ത ബാങ്ക് ടെക്നീഷ്യൻ, രജിസ്റ്റേഡ് നേഴ്സ്, ടെക്നിക്കൽ സൂപ്പർവൈസർ (രക്ത ഘടകങ്ങളുടെ നിർമ്മാണം സംബന്ധിച്ച്) എന്നിവരുടെ സേവനം ആവശ്യമാണ്.

- മെഡിക്കൽ ഓഫീസർക്കാവശ്യമായ യോഗ്യതകൾ

എ) മെഡിസിൻ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിഗ്രി - എംഡി (പാതോളജി, ട്രാൻസ്ഫ്യൂഷൻ മെഡിസിൻസ്)

ബി) എംബിബിഎസ് ഡിഗ്രിയും പാതോളജി ഡിപ്ലോമ / ഗ്രൂപ്പ് സീറോളജി, ബ്ലഡ് ഗ്രൂപ്പ് മെത്തേഡോളജിയും ഘടകങ്ങൾ ശേഖരിക്കുന്നതിന്റെ മെഡിക്കൽ പ്രിൻസിപ്പാളും അടങ്ങുന്ന ട്രാൻസ്ഫ്യൂഷൻ മെഡിസിൻ

അഥവാ

സി) എംബിബിഎസ് ഡിഗ്രിയും (ബ്ലഡ് ബാങ്കിലെ ഒരു വർഷത്തെ പ്രവർത്തി പരിചയവും കൂടാതെ ബ്ലഡ് ഗ്രൂപ്പ് സെറോളജി, ബ്ലഡ് ഗ്രൂപ്പ് മെത്തഡോളജി, രക്തം സംഭരിക്കുന്നതിനും ആയതിന്റെ കമ്പോണൻസ് തയ്യാറാക്കുന്നതിനുമുള്ള അറിവും പ്രായോഗക കഴിവും

- രക്ത ബാങ്ക് ടെക്നീഷ്യനാവശ്യമായ യോഗ്യതകൾ

മെഡിക്കൽ ലോബോറട്ടറി ടെക്നോളജി വിഷയത്തിലെ ഡിഗ്രിയും രക്ത ഘടകങ്ങളുടെ പരിശോധന സംബന്ധിച്ച അറ് മാസത്തെ പ്രവർത്തി പരിചയം

അഥവാ

മെഡിക്കൽ ലാബോറട്ടറി ടെക്നോളജിയിൽ ഡിപ്ലോയും രക്തം/രക്ത ഘടകങ്ങളുടെ പരിശോധന സംബന്ധിച്ച ഒരു വർഷത്തെ പ്രവർത്തി പരിചയവും ബ്ലഡ് ബാങ്ക് ടെക്നീഷ്യനാവശ്യമാണ്.

- രജിസ്റ്റേഡ് നേഴ്സ് (സ്),
- ടെക്നിക്കൽ സൂപ്പർവൈസർക്കാവശ്യമായ യോഗ്യതകൾ (രക്ത ഘടകങ്ങൾ നിർമ്മിക്കുന്നയിടങ്ങളിൽ)

മെഡിക്കൽ ലാബോറട്ടറി ടെക്നോളജി വിഷയത്തിലെ ബിരുദവും രക്തഘടകങ്ങളുടെ നിർമ്മാണം സംബന്ധിച്ച ആറ് മാസത്തെ പ്രവർത്തി പരിചയം.

അഥവാ

മെഡിക്കൽ ലാബോറട്ടറി ടെക്നോളജിയിൽ ഡിപ്ലോയും രക്ത/രക്ത ഘടകങ്ങളുടെ പരിശോധന സംബന്ധിച്ച ഒരു വർഷത്തെ പ്രവർത്തി പരിചയവുമാണ് ടെകതിക്കൽ സൂപ്പർവൈസറി ഓഫീസർക്ക് വേണ്ട യോഗ്യതകൾ

## രക്ത ശേഖരണ കേന്ദ്രത്തിനുള്ള പെർമിറ്റ്

രക്ത ശേഖരണ കേന്ദ്രത്തിനുള്ള പെർമിറ്റ് രണ്ട് വർഷത്തേയ്ക്കാണ് അനുവദിക്കുന്നത്. രക്തശേഖരണ കേന്ദ്രങ്ങൾക്കുള്ള പെർമിറ്റ് ലഭ്യമാക്കുന്നതിന് അപേക്ഷയോടൊപ്പം ചുവടെ കൊടുത്തിട്ടുള്ള രേഖകൾ സമർപ്പിക്കേണ്ടതാണ്.

1. 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിപ്പിച്ച അപേക്ഷ
2. നിർദ്ദിഷ്ട അപേക്ഷാ ഫാറം
3. ലാബ് ഉപകരണങ്ങൾ, യന്ത്ര സാമഗ്രികൾ എന്നിവയുടെ ലിസ്റ്റ്
4. മെഡിക്കൽ ഓഫീസർ, ലബോറട്ടറി ടെക്നീഷ്യൻ എന്നിവരുടെ സത്യപ്രസ്താവന
5. മെഡിക്കൽ ഓഫീസർ, ടെക്നീഷ്യൻ എന്നിവരുടെ പ്രവൃത്തി പരിചയം, യോഗ്യത എന്നിവ തെളിയിക്കുന്ന രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ
6. രക്തയൂണിറ്റുകൾ വിതരണം ചെയ്യുന്ന മാതൃ രക്ത ബാങ്കിന്റെ അനുമതി പത്രം
7. നിർദ്ദിഷ്ട കെട്ടിടത്തിന്റെ പ്ലാൻ.

## പോയിസൺ ലൈസൻസ്

മീഥൈൽ ആൽക്കഹോൾ, സയനൈഡുകൾ ക്ലോറാൽ ഹൈഡ്രേറ്റ് എന്നീ വിഷ വസ്തുക്കൾക്കുള്ള പോയ്സൺ പെർമിറ്റ്/ലൈസൻസ്-ന് അപേക്ഷ സ്വീകരിച്ച് സ്ഥാപന പരിശോധനയ്ക്ക് ശേഷം അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളർ ലൈസൻസ് അനുവദിക്കുന്നു.

പോയിസൺ ലൈസൻസ് (വിഷ വസ്തുക്കളുടെ അനുമതി പത്രം) അനുവദിക്കുതിനു വേണ്ടി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ.

1. 5/- രൂപ കോർട്ട്ഫീ സ്റ്റാമ്പ് പതിപ്പിച്ച അപേക്ഷ
2. മൊത്ത വിൽപ്പനയ്ക്കുള്ള ലൈസൻസ് അപേക്ഷകൾ ഫാറം 3 ലും ചില്ലറ വിൽപ്പനയ്ക്കുള്ള ലൈസൻസ് അപേക്ഷകൾ ഫാറം 2 ലും തയ്യാറാക്കി സമർപ്പിക്കുക.
3. ശരിയായി പൂരിപ്പിച്ച ചോദ്യാവലി
4. നിശ്ചിത അപേക്ഷാ ഫീ (മൊത്ത വിൽപ്പന ലൈസൻസ് -500, ചില്ലറ വിൽപ്പന ലൈസൻസ്-1000)00210-04-104-99 എന്ന ബഡ്ജറ്റ് ശീർഷകത്തിലൊടുക്കി കൊണ്ടുള്ള അസ്സൽ ചെലാൻ രസീത്.
5. സത്യവാങ്മൂലം
6. പാർട്ട്ണർഷിപ്പ്/മെമ്മോറാണ്ഡം & ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
7. അപേക്ഷകന്റെ തിരിച്ചറിയൽ രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
8. വിഷവസ്തുക്കൾ സൂക്ഷിക്കുന്നതും ഉപയോഗിക്കുന്നതും സംബന്ധിച്ച് ചുമതലയുള്ള വ്യക്തിയുടെ പ്രസ്താവന.

പോയ്സൺ പെർമിറ്റ്/പോയ്സൺ ലൈസൻസ്-ന്റെ കാലാവധി അനുവദിക്കുന്ന തീയതി മുതൽ 1 വർഷത്തേയ്ക്കാണ്.

## സർട്ടിഫിക്കേറ്റുകൾ

ഔഷധഗുണനിയന്ത്രണ വകുപ്പിൽ നിന്നും താഴെ പറയുന്ന സർട്ടിഫിക്കേറ്റുകൾ അനുവദിക്കുന്നു.

### 1. ഗുഡ് മാനുഫാക്ചറിംഗ് സർട്ടിഫിക്കറ്റ് (ജി.എം.പി)

ഗുഡ് മാനുഫാക്ചറിംഗ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനു വേണ്ടിയുള്ള അപേക്ഷ വെള്ളക്കടലാസിൽ തയ്യാറാക്കി നിശ്ചിത ഫീസ് ഒടുക്കിയ ചെലാൻ രസീത് സഹിതം അപേക്ഷിക്കേണ്ടതാണ്.

ഫീസ് ഘടന

| | |
|---|---|
| അലോപ്പതി ജി.എം.പി സർട്ടിഫിക്കേറ്റ് | - 3125 രൂപ |
| ലോകാരോഗ്യ സംഘടന ജി.എം.പി സർട്ടിഫിക്കറ്റ് | - 6250 രൂപ |
| സർട്ടിഫിക്കേറ്റ് ഓഫ് ഫാർമസ്യൂട്ടിക്കൽ പ്രോഡക്ട് | - 6250 രൂപ |
| ആയൂർവേദ സിദ്ധ യൂനാനി ജി.എം.പി സർട്ടിഫിക്കറ്റ് | - 3125 രൂപ |

### 2. നോൺ കൺവിക്ഷൻ സർട്ടിഫിക്കേറ്റ്

നോൺ കൺവിക്ഷൻ സർട്ടിഫിക്കേറ്റ് ലഭിക്കുന്നതിനു വേണ്ടിയുള്ള അപേക്ഷ ഒരു വെള്ളക്കടലാസിൽ തയ്യാറാക്കി നിശ്ചിത ഫീസൊടുക്കിയ ചെലാൻ രസീത് സഹിതം അപേക്ഷിക്കേണ്ടതാണ്.

ഫീസ് ഘടന

| | |
|---|---|
| അലോപ്പതി മരുന്ന്/കോസ്മെറ്റിക്സ് നിർമ്മാണ യൂണിറ്റ് | - 1375 രൂപ |
| ആയൂർവേദ, ഹോമിയോപ്പതി നിർമ്മാണ യൂണിറ്റുകൾ | - 825 രൂപ |
| വിൽപ്പന ശാലകൾ | - 825 രൂപ |

### 3. മാർക്കറ്റ് സ്റ്റാൻഡിംഗ് സർട്ടിഫിക്കേറ്റ്

മാർക്കറ്റ് സ്റ്റാൻഡിംഗ് സർട്ടിഫിക്കേറ്റ് ലഭിക്കുന്നതിനു വേണ്ടിയുള്ള അപേക്ഷകൾ വെള്ളക്കടലാസിൽ തയ്യാറാക്കി നിശ്ചിത ഫീസൊടുക്കിയ ചെലാൻ സഹിതം അപേക്ഷിക്കേണ്ടതാണ്.

ഫീസ് ഘടന

| | |
|---|---|
| അലോപ്പതി മരുന്ന് നിർമ്മാണ യൂണിറ്റ് | - 1375 രൂപ |
| ആയൂർവേദ/ഹോമിയോ മരുന്നു നിർമ്മാണ യൂണിറ്റ് | - 825 രൂപ |

### 4. കാലാവധി സർട്ടിഫിക്കേറ്റ്

കാലാവധി സർട്ടിഫിക്കേറ്റുകൾ ലഭിക്കുന്നതിനു വേണ്ടിയുള്ള അപേക്ഷകൾ വെള്ളക്കടലാസിൽ തയ്യാറാക്കി നിശ്ചിത ഫീസൊടുക്കിയ ചെലാൻ സഹിതം അപേക്ഷിക്കേണ്ടതാണ്.

ഫീസ് ഘടന

| | |
|---|---|
| അലോപ്പതി മരുന്ന് നിർമ്മാണ യൂണിറ്റ് | - 1375 രൂപ |
| ആയൂർവേദ/ഹോമിയോ മരുന്നു നിർമ്മാണ യൂണിറ്റ് | - 825 രൂപ |
| വിൽപ്പനശാലകൾ | - 825 രൂപ |

4. **പെർഫോമൻസ് സർട്ടിഫിക്കേറ്റ്**

പെർഫോമൻസ് സർട്ടിഫിക്കേറ്റ് ലഭിക്കുന്നതിനു വേണ്ടിയുള്ള അപേക്ഷകൾ വെള്ളക്കടലാസിൽ തയ്യാറാക്കി നിശ്ചിത ഫീസൊടുക്കിയ ചെലാൻ സഹിതം അപേക്ഷിക്കേണ്ടതാണ്.

ഫീസ് ഘടന

അലോപ്പതി മരുന്ന് നിർമ്മാണ യൂണിറ്റ് - 1375 രൂപ
ആയൂർവേദ/ഹോമിയോ മരുന്നു നിർമ്മാണ യൂണിറ്റ് - 825 രൂപ

**6. സർട്ടിഫിക്കേറ്റ് ഓഫ് കപ്പാസിറ്റി**

കപ്പാസിറ്റി സർട്ടിഫിക്കേറ്റ് ലഭിക്കുന്നതിനു വേണ്ടിയുള്ള അപേക്ഷകൾ വെള്ള കടലാസിൽ തയ്യാറാക്കി നിശ്ചിത ഫീസൊടുക്കിയ ചെലാൻ സഹിതം അപേക്ഷിക്കേണ്ടതാണ്.

ഫീസ് ഘടന

അലോപ്പതി മരുന്നു നിർമ്മാണ യൂണിറ്റ് - 1375 രൂപ
ആയൂർവേദ, ഹോമിയോ മരുന്നു നിർമ്മാണ യൂണിറ്റ് - 825 രൂപ

7. **പ്ലാൻ അംഗീകരിക്കൽ**

വിശദമായ പ്ലാൻ, 1375 രൂപ ഫീസൊടുക്കിയ ചെലാൻ സഹിതം വെള്ള കടലാസിൽ അപേക്ഷ തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്.

## പെർമിറ്റുകൾ

ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ നിന്നും അനുവദിക്കുന്ന പെർമിറ്റുകൾ താഴെപ്പറയുന്നവയാണ്.

(എ) രജിസ്ട്രേഡ് മെഡിക്കൽ പ്രാക്ടീഷണർമാർക്ക് പെത്തഡിൻ, മോർഫിൻ ഇൻജക്ഷനുകൾ വാങ്ങുതിനുള്ള പെർമിറ്റ്.ഇതിന് അപേക്ഷാ ഫീസ് ഇല്ല.

(ബി) എൻ.ഡി.പി.എസ് നിയമം അനുസരിച്ച് പെത്തഡിൻ, മോർഫിൻ, ഫെന്റാനിൽ സിട്രേറ്റ് ഇൻജക്ഷനുകൾ കൈവശം വയ്ക്കുന്നതിന് ലൈസൻസ് ലഭിച്ചിട്ടുള്ള ആശുപത്രികൾക്ക് അവ വാങ്ങുതിനുള്ള പെർമിറ്റ് നൽകുന്നു. അപേക്ഷാ ഫീസ് 1000 രൂപയാണ്.

(സി) കാൻസർ രോഗികൾക്ക് വേണ്ടി അംഗീകൃത പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സെന്ററുകൾക്ക് ഓറൽ മോർഫിൻ പ്രിപ്പറേഷനുകൾ വാങ്ങുതിന് ആർ.എം.ഐ അംഗീകാരം നൽകുന്നു. അപേക്ഷാ ഫീസ് ആവശ്യമില്ല.

### പോയിസൺ പെർമിറ്റുകൾ

വിദ്യഭ്യാസം, ശാസ്ത്രം എന്നിവ സംബന്ധിച്ച സ്ഥാപനങ്ങൾക്കും മൊത്ത വ്യാപാരികളിൽ നിന്നും പ്രസ്തുത ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിലേയ്ക്കായി മീതൈൽ ആൽക്കഹോൾ, സയനൈഡുകൾ ക്ലോറാൽ ഹൈഡ്രേറ്റ് എന്നീ വിഷ വസ്തുക്കൾ കൈവശം വയ്ക്കുന്നതിനുള്ള പോയ്സൺ പെർമിറ്റ് വകുപ്പ് നൽകുന്നു.

### പോയ്സൺ പെർമിറ്റ് ലഭിക്കുതിന് അപേക്ഷകൻ സമർപ്പിക്കേണ്ട രേഖകൾ

1. 5/- രൂപ കോർട്ട്ഫീ സ്റ്റാമ്പ് പതിപ്പിച്ച അപേക്ഷ.
2. ഫാറം 1
3. സ്ഥാപനം/കമ്പനി/ഉടമസ്ഥതയുടെ ഭരണഘടന സംബന്ധിച്ച സത്യവാങ്മൂലം
4. ശരിയായി പൂരിപ്പിച്ച ചോദ്യാവലി
5. അപേക്ഷാ ഫീസായ 250/- രൂപ 0210-04-104-99 എന്ന ബഡ്ജറ്റ് ശീർഷകത്തിലൊടുക്കി കൊണ്ടുള്ള അസ്സൽ ചെലാൻ രസീത്
6. അപേക്ഷകന്റെ തിരിച്ചറിയൽ രേഖയുടെ പകർപ്പ് .

## അപ്രൂവൽ

ഔഷധ നിർമ്മാതാക്കൾ നിർമ്മിക്കുന്ന മരുന്നുകൾ, സൗന്ദര്യവർദ്ധക വസ്തുക്കൾ ഇതിനു വേണ്ടി ഉപയോഗിക്കുന്ന അസംസ്കൃത വസ്തുക്കൾ എന്നിവ പരിശോധിക്കുന്നതിനായി ലാബോറട്ടറികൾക്കുള്ള അംഗീകാരം വകുപ്പ് നൽകി വരുന്നു. ലാബോറട്ടറികൾക്ക് വകുപ്പ് നൽകുന്ന അംഗീകാരത്തിന്റെ കാലാവധി 5 വർഷമാണ്.

ലാബോറട്ടറികൾക്ക് അംഗീകാരം ലഭിക്കുന്നതിനായി അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ ചുവടെ ചേർത്തിട്ടുള്ളവയാണ്.

1. 5/- രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിപ്പിച്ച അപേക്ഷ.
2. ഫാറം 36.
3. നിർദ്ദിഷ്ട ഫീസായ 7500/- രൂപ ഒടുക്കിക്കൊണ്ടുള്ള അസ്സൽ ചെലാൻ രസീത്
4. ലാബ് ഉപകരണങ്ങൾ, യന്ത്രസാമഗ്രികൾ എന്നിവയുടെ ലിസ്റ്റ്.
5. സ്റ്റാൻഡേർഡ് ഓഫീസ് പ്രൊസീജിയർ.
6. സാങ്കേതിക വിദഗ്ധന്റെ വിദ്യാഭ്യാസ യോഗ്യതയും പ്രവർത്തി പരിചയവും തെളിയിക്കുന്ന രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്

7. സാങ്കേതിക വിദഗ്ധന്റെ സത്യപ്രസ്താവന
8. സ്ഥാപനം പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വിശദമായ പ്ലാൻ

## Directory
## ഔദ്യോഗിക വിലാസങ്ങൾ

**ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയം, റെഡ് ക്രോസ്സ് റോഡ്, തിരുവനന്തപുരം - 695 035**
**ഫോൺ – 0471– 2471896, ഈമെയിൽ – dckerala@gmail.com**

| തസ്തിക | ഉദ്യോഗസ്ഥന്റെ പേര് | അധികാര പരിധി |
|---|---|---|
| ഡ്രഗ്സ് കൺട്രോളർ | ശ്രീ.പി.ഹരിപ്രസാദ് | കേരള സംസ്ഥാനം |
| ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളർ I | ശ്രീ.രവി എസ് മേനോൻ | കേരള സംസ്ഥാനം |
| ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളർ II | ശ്രീ.എം ആർ.പ്രദീപ് | കേരള സംസ്ഥാനം |
| അസി.ഡ്രഗ്സ് കൺട്രോളർ (ഐ.ബി) | ശ്രീ.കെ ജെ ജോൺ | കേരള സംസ്ഥാനം |
| ചീഫ് ഇൻസ്പെക്ടർ ഓഫ് ഡ്രഗ്സ് ഇന്റലിജൻസ് സ്ക്വാഡ് | - | കേരള സംസ്ഥാനം |
| സീനിയർ ഡ്രഗ്സ് ഇൻസ്പെക്ടർ | ശ്രീ. സാജു ജോൺ | കേരള സംസ്ഥാനം |
| ഡ്രഗ്സ് ഇൻസ്പെക്ടർ (എസ് ഐബി) | ശ്രീ. സുധീർഭാനു.ജെ | കേരള സംസ്ഥാനം |
| ടെക്നിക്കൽ അസിസ്റ്റന്റ് ടു ഡ്രഗ്സ് കൺട്രോളർ | ശ്രീമതി.ഗീത എം സി | കേരള സംസ്ഥാനം |
| അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (ഇൻ ചാർജ്) | ശ്രീ.ഗോപകുമാർ.എൻ | - |
| സീനിയർ സൂപ്രണ്ട് - I | ശ്രീ.ഗോപകുമാർ.എൻ | - |
| സീനിയർ സൂപ്രണ്ട് - II | ശ്രീ.സാജു ഇ വി | - |
| ലോ ഓഫീസർ | ശ്രീ.പി.ബി.പരീത് | - |
| ആയുർവേദ സിദ്ധ യൂനാനി വിഭാഗം ഡ്രഗ്സ് കൺട്രോളർ | ശ്രീമതി. വിമല. എൻ | കേരള സംസ്ഥാനം |
| സീനിയർ ഡ്രഗ്സ് ഇൻസ്പെക്ടർ (ആയുർവേദം) | ശ്രീ.സ്റ്റുവർട്ട് പി.ജോൺ | കേരള സംസ്ഥാനം |
| സീനിയർ സൂപ്രണ്ട് (ആയുർവേദം) | ശ്രീ. സലീം സി.എച്ച് | - |

**അസ്സിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയം, സ്തുതി,അത്താണി ലൈൻ, തിരുവനന്തപുരം - 695 035**
**ഫോൺ –0471 -2470507, ഈമെയിൽ – tvmadc@gmail.com**

| തസ്തിക | ഉദ്യോഗസ്ഥന്റെ പേര് | അധികാര പരിധി |
|---|---|---|
| അസ്സിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളർ | ശ്രീ.പി.കെ.ശ്രീകുമാർ | തിരുവനന്തപുരം ജില്ല |
| ഡ്രഗ്സ് ഇൻസ്പെക്ടർ സോൺ - I | ശ്രീ.സജീവ് കുമാർ എം.എസ് | തിരുവനന്തപുരം ജില്ലയിലെ സോൺ - II ഒഴികെയുള്ള മേഖലകൾ |
| ഡ്രഗ്സ് ഇൻസ്പെക്ടർ സോൺ - II | ശ്രീ. പ്രഭകുമാർ | തിരുവനന്തപുരം താലൂക്കിലെ ഉള്ളൂർ, മെഡിക്കൽ കോളേജ്,പട്ടം,നാഷണൽ ഹൈവേ 47-ന്റെ കിഴക്ക് ഭാഗം എന്നിവിടങ്ങൾ |
| ഡ്രഗ്സ് ഇൻസ്പെക്ടർ സോൺ - III | ശ്രീ. അജി | നെയ്യാറ്റിൻകര, നെടുമങ്ങാട്, താലൂക്കുകൾ |
| ഡ്രഗ്സ് ഇൻസ്പെക്ടർ സോൺ - IV | ശ്രീമതി. മണിവീണ എം.ജി | ചിറയിൻകീഴ് താലൂക്ക് |

| അസ്സിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയം, മന്നാനിയ ഷോപ്പിങ് കോംപ്ലക്സ്, II ഫ്ലോർ, അണ്ടമുക്കം, ചിന്നക്കട, കൊല്ലം - 691 001, ഫോൺ –0474-2741856, ഈമെയിൽ – kollamadc@gmail.com | | |
|---|---|---|
| തസ്തിക | ഉദ്യോഗസ്ഥന്റെ പേര് | അധികാര പരിധി |
| അസ്സിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളർ | ശ്രീ.അശോക് കുമാർ | കൊല്ലം, കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകൾ |
| റീജിയണൽ ഡ്രഗ്സ് ഇൻസ്പെക്ടർ | ശ്രീ. മുഹമ്മദ് റാസി | കൊല്ലം, കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകൾ |
| ഡ്രഗ്സ് ഇൻസ്പെക്ടർ (ഐ ബി) | ശ്രീ. ജ്യോതികുമാർ | കൊല്ലം, കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകൾ |
| ഡ്രഗ്സ് ഇൻസ്പെക്ടർ സോൺ - I | ശ്രീ. വിനോദ് | കൊല്ലം കോർപ്പറേഷൻ |
| ഡ്രഗ്സ് ഇൻസ്പെക്ടർ സോൺ - II | ശ്രീ. സജു. എ | കരുനാഗപ്പള്ളി താലൂക്ക്, കൊല്ലം കോർപ്പറേഷൻ മേഖല ഒഴികെയുള്ള കൊല്ലം താലൂക്കിലെ ഭാഗങ്ങൾ |
| ഡ്രഗ്സ് ഇൻസ്പെക്ടർ സോൺ - III | ശ്രീമതി.സ്മിത വി.എൻ | കൊട്ടാരക്കര,കുന്നത്തൂർ, പത്തനാപുരം താലൂക്ക് |

| ഡ്രഗ്സ് ഇൻസ്പെക്ടറുടെ കാര്യാലയം (ആയുർവേദ വിഭാഗം), മന്നാനിയ ഷോപ്പിങ് കോംപ്ലക്സ്, II ഫ്ലോർ, അണ്ടമുക്കം, ചിന്നക്കട, കൊല്ലം - 691 001, ഫോൺ –0474-2760314, ഈമെയിൽ – kollamdiayur@gmail.com | | |
|---|---|---|
| തസ്തിക | ഉദ്യോഗസ്ഥന്റെ പേര് | അധികാര പരിധി |
| ഡ്രഗ്സ് ഇൻസ്പെക്ടർ | ഡോ.പി.വൈ.ജോൺ | കൊല്ലം, കോട്ടയം, പത്തനംതിട്ട റവന്യൂ ജില്ലകൾ |

| ഡ്രഗ്സ് ഇൻസ്പെക്ടറുടെ കാര്യാലയം , മിനി സിവിൽ സ്റ്റേഷൻ, തിരുനക്കര, കോട്ടയം - 686 001 ഫോൺ – 0481 -2303380, ഈമെയിൽ – ktymdi@gmail.com | | |
|---|---|---|
| തസ്തിക | ഉദ്യോഗസ്ഥന്റെ പേര് | അധികാര പരിധി |
| ഡ്രഗ്സ് ഇൻസ്പെക്ടർ സോൺ - I | ശ്രീ. ജയൻ ഫിലിപ്പ് | കോട്ടയം ജില്ലയിലെ സോൺ - I, സോൺ - II എന്നിവ ഒഴികെയുള്ള മേഖലകൾ |
| ഡ്രഗ്സ് ഇൻസ്പെക്ടർ സോൺ - II | ശ്രീ. മാർട്ടിൻ ജോസഫ് | കാഞ്ഞിരപ്പള്ളി, ചങ്ങനാശ്ശേരി താലൂക്ക്, പനച്ചിക്കാട്, കുറുപ്പട, പള്ളിക്കത്തോട്, പാമ്പാടി, മീനടം, പുതുപ്പള്ളി എന്നീ പഞ്ചായത്തുകൾ |
| ഡ്രഗ്സ് ഇൻസ്പെക്ടർ സോൺ - III | ശ്രീമതി. ജമീല ഹെലൻ ജേക്കബ്ബ് | വൈക്കം, മീനച്ചിൽ താലൂക്ക്, ഏറ്റുമാനൂർ, നീണ്ടൂർ, അതിരമ്പുഴ, കുമരകം എന്നീ പഞ്ചായത്തുകൾ . |

**ഡ്രഗ്സ് ഇൻസ്പെക്ടറുടെ കാര്യാലയം , II ഫ്ലോർ,, പയനീർ ബിൽഡിംഗ്, ജനറൽ ഹോസ്പിറ്റലിന് എതിർവശം, പത്തനംതിട്ട - 689 645**

**ഫോൺ – 0468 - 2270236, ഈമെയിൽ – diptna@gmail.com**

| തസ്തിക | ഉദ്യോഗസ്ഥന്റെ പേര് | അധികാര പരിധി |
|---|---|---|
| ഡ്രഗ്സ് ഇൻസ്പെക്ടർ സോൺ - I | ശ്രീ. ഷാജി പി.എച്ച് | അടൂർ, കോഴഞ്ചേരി താലൂക്ക് |
| ഡ്രഗ്സ് ഇൻസ്പെക്ടർ സോൺ - II | ശ്രീ. കെ.ജോൺ മാത്യു | തിരുവല്ല, മല്ലപ്പള്ളി, റാന്നി താലൂക്ക് |

**ഡ്രഗ്സ് ഇൻസ്പെക്ടറുടെ കാര്യാലയം , ബീച്ച് റോഡ്, ജില്ലാ മെഡിക്കൽ ഓഫീസിന സമീപം ആലപ്പുഴ- 688 001**

**ഫോൺ –0477 -2230649, ഈമെയിൽ – dialapuzha@gmail.com**

| തസ്തിക | ഉദ്യോഗസ്ഥന്റെ പേര് | അധികാര പരിധി |
|---|---|---|
| ഡ്രഗ്സ് ഇൻസ്പെക്ടർ സോൺ - I | ശ്രീ. സന്തോഷ് കെ. മാത്യു | ആലപ്പുഴ താലൂക്ക് |
| ഡ്രഗ്സ് ഇൻസ്പെക്ടർ സോൺ - II | ശ്രീമതി. താര എസ്. പിള്ള | ചേർത്തല,കുട്ടനാട്, ചെങ്ങൂർ എന്നീ താലൂക്കുകൾ |
| ഡ്രഗ്സ് ഇൻസ്പെക്ടർ സോൺ - III | ശ്രീമതി. സൈന.എസ് | കാർത്തികപ്പള്ളി, മാവേലിക്കര താലൂക്കുകൾ |

**അസ്സിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയം, സിവിൽ സ്റ്റേഷൻ എറണാകുളം- 682 030**

**ഫോൺ –0484 - 2422819, ഈമെയിൽ – adcekm@gmail.com**

| തസ്തിക | ഉദ്യോഗസ്ഥന്റെ പേര് | അധികാര പരിധി |
|---|---|---|
| അസ്സിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളർ | ശ്രീ. പ്രകാശ് ബാബു.പി | എറണാകുളം,ആലപ്പുഴ,ഇടുക്കി എന്നീ ജില്ലകൾ |
| റീജിയണൽ ഡ്രഗ്സ് ഇൻസ്പെക്ടർ | ശ്രീ. സുജിത് കുമാർ | എറണാകുളം,ആലപ്പുഴ,ഇടുക്കി എന്നീ ജില്ലകൾ |
| ഡ്രഗ്സ് ഇൻസ്പെക്ടർ (ഐ ബി) | ശ്രീ. എം.പി. വിനയൻ | എറണാകുളം,ആലപ്പുഴ,ഇടുക്കി എന്നീ ജില്ലകൾ |
| ഡ്രഗ്സ് ഇൻസ്പെക്ടർ സോൺ - I | ശ്രീ. അജു ജോസഫ് കുര്യൻ | കണയൂർ താലൂക്കിൽ ഉൾപ്പെടുന്ന ആലുവ - ആലപ്പുഴ റെയിൽവേ ലൈനിന്റെ പടിഞ്ഞാറ് ഭാഗം |
| ഡ്രഗ്സ് ഇൻസ്പെക്ടർ സോൺ - II | ശ്രീമതി .ചിത്ര ആർ.ദേവി | കണയൂർ താലൂക്കിലെ വടക്ക് കിഴക്കൻ മേഖലകൾ |
| ഡ്രഗ്സ് ഇൻസ്പെക്ടർ സോൺ - III | ശ്രീമതി. ഗിരിജ കുമാരി | സോൺ - II ഒഴികെയുള്ള കണയൂർ താലൂക്കിലെ കിഴക്ക് ഭാഗം |
| ഡ്രഗ്സ് ഇൻസ്പെക്ടർ സോൺ - IV | ശ്രീ. റ്റി.ഐ.ജോഷി | ആലുവ, പറവൂർ, കൊച്ചി താലൂക്കുകൾ |
| ഡ്രഗ്സ് ഇൻസ്പെക്ടർ സോൺ - V | ശ്രീമതി. ഗ്ലാഡിസ്.പി.കാച്ചപ്പിള്ളി | കോതമംഗലം,മൂവാറ്റുപുഴ, കുന്നത്തുനാട് താലൂക്ക് |

---

| ഡ്രഗ്സ് ഇൻസ്പെക്ടറുടെ കാര്യാലയം (ആയുർവേദ വിഭാഗം), സിവിൽ സ്റ്റേഷൻ എറണാകുളം- 682 030<br>ഫോൺ –0484 - 2426693, ഈമെയിൽ – diayekm@yahoo.in | | |
|---|---|---|
| തസ്തിക | ഉദ്യോഗസ്ഥന്റെ പേര് | അധികാര പരിധി |
| ഡ്രഗ്സ് ഇൻസ്പെക്ടർ | ഡോ.അജിതൻ പിള്ള | എറണാകുളം, ആലപ്പുഴ, ഇടുക്കി എന്നീ റവന്യൂ ജില്ലകൾ |

.................................................................................................................................................................................................

| അസ്സിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയം, ചെറൂർ രാമനിലയം ജംഗ്ഷൻ, ഷോപ്പിങ് കോംപ്ലക്സ്, II ഫ്ലോർ, ജവഹർ ബാലഭവന് സമീപം, തൃശ്ശൂർ - 680 0020<br>ഫോൺ –0487 -2320591, ഈമെയിൽ – adctcr@gmail.com | | |
|---|---|---|
| തസ്തിക | ഉദ്യോഗസ്ഥന്റെ പേര് | അധികാര പരിധി |
| അസ്സിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളർ | ശ്രീ. റ്റി.വി. രജതൻ | തൃശ്ശൂർ, പാലക്കാട് എന്നീ റവന്യൂ ജില്ലകൾ |
| സീനിയർ ഡ്രഗ്സ് ഇൻസ്പെക്ടർ | ശ്രീ. കാജാ മുഹസ്സിൻ മണ്ണിങ്ങൽ | തൃശ്ശൂർ, പാലക്കാട് എന്നീ റവന്യൂ ജില്ലകൾ |
| ഡ്രഗ്സ് ഇൻസ്പെക്ടർ (ഐ ബി) | ശ്രീമതി.പി.എ. വനജ | തൃശ്ശൂർ, പാലക്കാട് എന്നീ റവന്യൂ ജില്ലകൾ |
| ഡ്രഗ്സ് ഇൻസ്പെക്ടർ സോൺ - I | ശ്രീ. പി.കെ. ശശി | പഴയ തൃശ്ശൂർ മുനിസിപ്പാലിറ്റിയുടെ പ്രദേശങ്ങൾ |
| ഡ്രഗ്സ് ഇൻസ്പെക്ടർ സോൺ - II | ശ്രീമതി . എലിസബത്ത് മെൽവിൻ | തൃശ്ശൂർ താലൂക്ക് |
| ഡ്രഗ്സ് ഇൻസ്പെക്ടർ സോൺ - III | ശ്രീമതി. വി.എസ്. ധന്യ | സോൺ-II ലെ അധികാര പരിധിയിലുൾപ്പെടാത്ത പ്രദേശം |
| ഡ്രഗ്സ് ഇൻസ്പെക്ടർ സോൺ - IV | ശ്രീമതി. മഞ്ജു പ്രതാപ് | ചാവക്കാട് തലപ്പിള്ളി ,മുകുന്ദപുരം, കൊടുങ്ങല്ലൂർ എന്നീ താലൂക്കുകൾ |

.................................................................................................................................................................................................

| ഡ്രഗ്സ് ഇൻസ്പെക്ടറുടെ കാര്യാലയം , മുനിസിപ്പൽ ബിൽഡിംഗ്, ജില്ലാ ആശുപത്രിയ്ക്ക് എതിർവശം, കോർട്ട് റോഡ്, പാലക്കാട് – 678 001<br>ഫോൺ – 0491 - 2503643, ഈമെയിൽ – dipalakd@gmail.com | | |
|---|---|---|
| തസ്തിക | ഉദ്യോഗസ്ഥന്റെ പേര് | അധികാര പരിധി |
| ഡ്രഗ്സ് ഇൻസ്പെക്ടർ സോൺ - I | ശ്രീ. മുഹമ്മദ് സാലി | പാലക്കാട് താലൂക്ക് |
| ഡ്രഗ്സ് ഇൻസ്പെക്ടർ സോൺ - II | നിഷിത് എം.സി | മണ്ണാർക്കാട്, ചിറ്റൂർ, ആലത്തൂർ എന്നീ താലൂക്കുകൾ |
| ഡ്രഗ്സ് ഇൻസ്പെക്ടർ സോൺ - III | ശ്രീ. പ്രവീൺ.എം. | ഒറ്റപ്പാലം താലൂക്ക് |

**അസ്സിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയം, സിവിൽ സ്റ്റേഷൻ, കോഴിക്കോട് – 673 020**

**ഫോൺ – 0487 - 2320591, ഈമെയിൽ – adckde@gmail.com**

| തസ്തിക | ഉദ്യോഗസ്ഥന്റെ പേര് | അധികാര പരിധി |
|---|---|---|
| അസ്സിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളർ | ശ്രീ. പി എം. ജയൻ | കോഴിക്കോട്, മലപ്പുറം, വയനാട് എന്നീ റവന്യൂ ജില്ലകൾ |
| റീജിയണൽ ഡ്രഗ്സ് ഇൻസ്പെക്ടർ | ശ്രീ. ശ്രീ.സുഭാഷ് വി.മേനോൻ | കോഴിക്കോട്, മലപ്പുറം, വയനാട് എന്നീ റവന്യൂ ജില്ലകൾ |
| ഡ്രഗ്സ് ഇൻസ്പെക്ടർ (ഐ ബി) | ശ്രീ.ഷാജി എം വർഗീസ് | കോഴിക്കോട്, മലപ്പുറം, വയനാട് എന്നീ റവന്യൂ ജില്ലകൾ |
| ഡ്രഗ്സ് ഇൻസ്പെക്ടർ സോൺ - I | ശ്രീ.ഹരീഷ് കുമാർ | കോഴിക്കോട് കോർപ്പറേഷൻ, വയനാട് റോഡിലേയ്ക്ക് ചേരുന്ന ഗാന്ധി റോഡ് മുതൽ ക്രിസ്ത്യൻ റോഡ് വരെയുള്ള പടിഞ്ഞാറ് ഭാഗം, എറഞ്ഞി പാലവുമായി ചേരുന്ന വയനാടൻ റോഡിന്റെ പടിഞ്ഞാറ് ഭാഗം, മീന ചന്ത വരെയുള്ള മിനി ബൈപ്പാസിന്റെ പടിഞ്ഞാറ് ഭാഗം, ഫ്രാൻസിസ് റോഡ് മേൽപ്പാലം വരെയുള്ള ദേശീയ പാത-17ന്റെ കിഴക്ക് ഭാഗം, കോഴിക്കോട് ബീച്ചിലേയ്ക്ക് ചേരുന്ന ഫ്രാൻസിസ് റോഡിന്റെ വടക്ക് ഭാഗം. |
| ഡ്രഗ്സ് ഇൻസ്പെക്ടർ സോൺ - II | ശ്രീ . ബെന്നി മാത്യു - | കക്കോടി, കുന്ദമംഗലം, ഏലത്തൂർ എന്നീ പഞ്ചായത്തുകൾ ഉൾപ്പെടെയുള്ളകോഴിക്കോട് കോർപ്പറേഷനിലെ (സോൺ-II ലെ അധികാര പരിധിയിലുൾപ്പെടാത്ത) ഭാഗങ്ങൾ |
| ഡ്രഗ്സ് ഇൻസ്പെക്ടർ സോൺ - III | ശ്രീമതി. മഹാലക്ഷ്മി.ആർ | കോഴിക്കോട് താലൂക്ക് (സോൺ-I,, സോൺ-II എന്നിവയുടെ അധികാര പരിധിയിൽ ഉൾപ്പെടാത്ത പ്രദേശങ്ങൾ) |
| ഡ്രഗ്സ് ഇൻസ്പെക്ടർ സോൺ - IV | ശ്രീമതി. ശാന്തികൃഷ്ണ .യു | കൊയിലാണ്ടി, വടകര താലൂക്കുകൾ |

**ഡ്രഗ്സ് ഇൻസ്പെക്ടറുടെ കാര്യാലയം (ആയുർവേദ വിഭാഗം), സിവിൽ സ്റ്റേഷൻ, കോഴിക്കോട് – 673 020**

**ഫോൺ – 0496 - 237376, ഈമെയിൽ – dickozhikode@yahoo.in**

| തസ്തിക | ഉദ്യോഗസ്ഥന്റെ പേര് | അധികാര പരിധി |
|---|---|---|
| ഡ്രഗ്സ് ഇൻസ്പെക്ടർ | ഡോ. ജയ.വി. ദേവ് | കോഴിക്കോട്, മലപ്പുറം, വയനാട് എന്നീ റവന്യൂ ജില്ലകൾ |

**ഡ്രഗ്സ് ഇൻസ്പെക്ടറുടെ കാര്യാലയം , സിവിൽ സ്റ്റേഷൻ, മലപ്പുറം - 676 505.**

**ഫോൺ – 0481 - 2303380, ഈമെയിൽ – dimlpm@gmail.com**

| തസ്തിക | ഉദ്യോഗസ്ഥന്റെ പേര് | അധികാര പരിധി |
|---|---|---|
| ഡ്രഗ്സ് ഇൻസ്പെക്ടർ സോൺ - I | ശ്രീ. ഷിനു വി.കെ | ഏറനാട് താലൂക്ക് |
| ഡ്രഗ്സ് ഇൻസ്പെക്ടർ സോൺ - II | അനസ് റ്റി.എം | പൊന്നാനി, പെരുന്തൽമണ്ണ, നിലമ്പൂർ താലൂക്കുകൾ |
| ഡ്രഗ്സ് ഇൻസ്പെക്ടർ സോൺ - III | ശ്രീമതി. നീതു.കെ. | തിരൂർ, തിരൂരങ്ങാടി എന്നീ താലൂക്കുകൾ |

| | | |
|---|---|---|
| | | |

.

| ഡ്രഗ്സ് ഇൻസ്പെക്ടറുടെ കാര്യാലയം , എം.പി 12/992, II ഫ്ലോർ, , പി.ബി.എം. ബിൽഡിംഗ്, വയനാട് ഫോൺ – 04936 -248476, ഈമെയിൽ – diwynd@gmail.com | | |
|---|---|---|
| തസ്തിക | ഉദ്യോഗസ്ഥന്റെ പേര് | അധികാര പരിധി |
| ഡ്രഗ്സ് ഇൻസ്പെക്ടർ | ശ്രീ. നൗഫൽ സി.വി | വയനാട് ജില്ല |

| അസ്സിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയം, മുഫിദിയ കോംപ്ലക്സ്, കക്കാട് റോഡ്, കണ്ണൂർ - 670 002. ഫോൺ – 0497 - 2707499, ഈമെയിൽ – adcknr@gmail.com | | |
|---|---|---|
| തസ്തിക | ഉദ്യോഗസ്ഥന്റെ പേര് | അധികാര പരിധി |
| അസ്സിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളർ | ശ്രീ. സി.കെ. മോഹൻദാസ് | കണ്ണൂർ, കാസർഗോഡ് എന്നീ റവന്യൂ ജില്ലകൾ |
| ഡ്രഗ്സ് ഇൻസ്പെക്ടർ (ഐ ബി) | ശ്രീ.അനിൽ കുമാർ എം | കണ്ണൂർ, കാസർഗോഡ് എന്നീ റവന്യൂ ജില്ലകൾ |
| ഡ്രഗ്സ് ഇൻസ്പെക്ടർ സോൺ - I | - | കണ്ണൂർ താലൂക്ക് (സോൺ-III - ലെ അധികാര പരിധിയിലുൾപ്പെടാത്ത പ്രദേശങ്ങൾ |
| ഡ്രഗ്സ് ഇൻസ്പെക്ടർ സോൺ - II | ശ്രീ. ഫൈസൽ .പി | തലശ്ശേരി താലൂക്ക് |
| ഡ്രഗ്സ് ഇൻസ്പെക്ടർ സോൺ - III | ശ്രീമതി. ബേബി.വി | തളിപ്പറമ്പ് താലൂക്ക് ,വളപട്ടണം പുഴയുടെ വടക്ക് ഭാഗത്തെ കണ്ണൂർ താലൂക്കിൽ ഉൾപ്പെടുന്ന പ്രദേശങ്ങൾ |

| ഡ്രഗ്സ് ഇൻസ്പെക്ടറുടെ കാര്യാലയം , മൻസൂർ കോംപ്ലക്സ്, II ഫ്ലോർ ,കുന്നുമ്മൽ, കാഞ്ഞങ്ങാട് പി.ഒ, കാസർഗോഡ് ഫോൺ – 0467-2208660, ഈമെയിൽ – dikasaragod@gmail.com | | |
|---|---|---|
| തസ്തിക | ഉദ്യോഗസ്ഥന്റെ പേര് | അധികാര പരിധി |
| ഡ്രഗ്സ് ഇൻസ്പെക്ടർ | ശ്രീ.സുധീഷ് കെ.വി | കാസർഗോഡ് ജില്ല |